## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.764 — 04.03.2020 -ൽ മറുപടിയ്ക്ക്

## കാട്ടുതീയിൽ പെട്ട് വനപാലകർ മരിച്ച സംഭവം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി. : | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) തൃശ്ശൂർ ദേശമംഗലത്ത് കൊറ്റമ്പത്തൂരിൽ കാട്ടുതീയിൽ പെട്ട് വനപാലകർ മരിച്ച സംഭവത്തിൽ വകുപ്പ് സമഗ്രമായ അന്വേഷണം നടത്തിയിട്ടുണ്ടോ; കാട്ടുതീ മനുഷ്യനിർമ്മിതമാണെന്നും അശ്രദ്ധയും അനാസ്ഥയും കാരണം സംഭവിച്ചതാണെന്നും വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) തൃശ്ശൂർ ദേശമംഗലത്ത് കൊറ്റമ്പത്തൂരിൽ കാട്ടുതീയിൽപ്പെട്ട് വനപാലകർ മരിച്ച സംഭവത്തിൽ വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് പാട്ടത്തിനു നൽകിയ സ്ഥലത്താണ് കാട്ടുതീ ഉണ്ടായത്. HNL ന്റെ ഭാഗത്തുനിന്നുള്ള അശ്രദ്ധയും അനാസ്ഥയും കാട്ടുതീയ്ക്ക് കാരണമായിട്ടുണ്ടെന്നും കാട്ടുതീ മനുഷ്യസൃഷ്ടിയാണെന്നുമുള്ള നിഗമനത്തിലാണ് വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം നിഗമനത്തിലെത്തിയിട്ടുള്ളത്. തൃശ്ശൂർ ഡിവിഷനിലെ വടക്കാഞ്ചേരി റെയ്ഞ്ചിൽ പൂങ്ങോട് ഫോറസ്റ്റ് സ്റ്റേഷനിൽ ഒ.ആർ - 4/2020 നമ്പർ ആയി കേസ് രജിസ്റ്റർ ചെയ്ത് വടക്കാഞ്ചേരി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ അന്വേഷണം നടത്തിവരുന്നുണ്ട്. ടി കേസിന്റെ മേൽ നോട്ടം വഹിക്കുന്നത് തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറാണ്. |
| (ബി) അപകടം സംഭവിച്ച പ്രദേശം ഉൾക്കൊള്ളുന്ന നാന്നൂറ്റി എഴുപത്തിയഞ്ച് ഹെക്ടറോളം വനഭൂമി ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് കരാർ നൽകിയിരുന്നുവോ; കരാർ കാലാവധി എന്നാണ് അവസാനിക്കുന്നത് എന്ന് അറിയിക്കാമോ; | (ബി) അപകടം സംഭവിച്ച പ്രദേശം ഉൾക്കൊള്ളുന്ന 475 ഹെക്ടറോളം വനഭൂമി ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് എന്ന കമ്പനിയ്ക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്. കരാർ കാലാവധി 31/03/2020-ന് ആണ് അവസാനിക്കുന്നത്. |

| | |
|---|---|
| (സി) അടിക്കാട് വെട്ടിത്തെളിക്കുന്ന പ്രവൃത്തി കമ്പനി ചെയ്യാത്തതാണ് ദുരന്തത്തിന് കാരണമായത് എന്ന് വിലയിരുത്തിയിട്ടുണ്ടോ; കമ്പനി വകുപ്പിന്റെ നിർദ്ദേശം കൃത്യമായി പാലിച്ചിട്ടില്ല എന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ കമ്പനിക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) അടിക്കാട് വെട്ടിതെളിയ്ക്കുന്ന പ്രവൃത്തി കമ്പനി ചെയ്യാതിരുന്നതാണ് ദുരന്തത്തിന് കാരണമായത് എന്നാണ് പ്രാഥമിക നിഗമനം. കമ്പനിയ്ക്ക് തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറും വടക്കാഞ്ചേരി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറും നിർദ്ദേശം നൽകിയിരുന്നെങ്കിലും അടിക്കാട് വെട്ടിതെളിയ്ക്കുന്ന പ്രവൃത്തി ചെയ്തിട്ടില്ല. ദുരന്തത്തിൽപ്പെട്ട് മരണമടഞ്ഞവരുടെ ആശ്രിതർക്ക് മതിയായ നഷ്ടപരിഹാരം കമ്പനിയുടെ ഭാഗത്തുനിന്ന് ലഭ്യമാക്കുന്നതിന്, ആയത് കമ്പനിയുടെ ബാധ്യതയിൽ ഉൾപ്പെടുത്തി claim interim resolution professional - ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അന്വേഷണം പൂർത്തിയായതിന് ശേഷം കമ്പനിക്ക് എതിരെ മറ്റ് നടപടികൾ സ്വീകരിക്കുന്നതാണ്. |

Prayan

സെക്ഷൻ ഓഫീസർ